കേരള കൗമുദി
SINCE 1911
FOUNDER EDITOR: K. SUKUMARAN B.A.
18 August 2023

# ഓണത്തെ വരവേൽക്കാനൊരുങ്ങി ചെണ്ടുമല്ലിപ്പാടങ്ങൾ

ആലങ്ങാട്: കൃഷി വകുപ്പിന്റെ ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെയും കൃഷിക്കൊപ്പം കളമശേരി പദ്ധതിയുടെയും ഭാഗമായി ആലങ്ങാട് ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ നട്ട ചെണ്ടുമല്ലികൾ പൂവിട്ടു.



വിളവെടുപ്പിന് പാകമായ ചെണ്ടുമല്ലിപ്പാടം

കരുമാല്ലൂർ, കടുങ്ങല്ലൂർ, ആലങ്ങാട്, വരാപ്പുഴ പഞ്ചായത്തുകളിലും ഏലൂർ, ആലുവ മുനിസിപ്പാലിറ്റികളിലായി 13 ഏക്കറിൽ ചെയ്ത ചെണ്ടുമല്ലി കൃഷിയിൽ ഇത്തവണ നൂറുമേനി വിളവാണ് ലഭിച്ചിരിക്കുന്നത്. വിവിധ കാർഷിക ഗ്രൂപ്പുകളാണ് കൃഷി നടത്തിയത്. ചെണ്ടുമല്ലിപ്പൂക്കൾക്ക് ഇപ്പോൾ തന്നെ ആവശ്യക്കാരെത്തുന്നുണ്ട്. അത്തം പിറക്കുമ്പോൾ ആവശ്യക്കാരേറുമെന്നാണ് പ്രതീക്ഷ.

ആലങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ ഓണത്തിന് പൂക്കളം ഒരുക്കാൻ പൂ കൃഷി, ഏലൂർ മുനിസിപ്പാലിറ്റി കൃഷിഭവന്റെ ഓണത്തിന് ഒരു പൂക്കട എന്ന ആശയങ്ങൾ മുൻനിർത്തി എറണാകുളം കൃഷി വിജ്ഞാൻ കേന്ദ്രയും ആത്മയും (അഗ്രിക്കൾച്ചർ ടെക്നോളജി മാനേജ്മെന്റ് ഏജൻസി ) സഹകരിച്ചാണ് ചെണ്ടുമല്ലിപ്പൂകൃഷിക്ക് പിന്തുണ നൽകിയത്.

കൃഷി വകുപ്പ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ രൂപീകരിച്ച 'ആലങ്ങാട് പൂകർഷകർ' എന്ന വാട്സാപ്പ് ഗ്രൂപ്പ് വഴി കൃഷിയിടങ്ങളിലെ പ്രശ്നങ്ങൾക്ക് പരിഹാരങ്ങളും നിർദ്ദേശങ്ങളും നൽകി വരുന്നുണ്ട്.